നെയ്യാറ്റിൻകര	..	25
പാറശ്ശാല	..	8
വെള്ളറട	..	4
കാട്ടാക്കട	..	11
നെടുമങ്ങാട്	..	13
പേരൂർക്കട	..	5
വികാസ്ഭവൻ	..	9
കിളിമാനൂർ	..	5
ആറ്റിങ്ങൽ	..	10
പാപ്പനംകോട്	..	13
ആര്യനാട്	..	4
വിതുര	..	2
പാലോട്	..	2
വെഞ്ഞാറമൂട്	..	1
കണിയാപുരം	..	3
വെള്ളനാട്	..	5
ആകെ	..	242

(ബി) പഴക്കം ചെന്ന വണ്ടികൾ സമയബന്ധിതമായി മാറ്റുന്നതിനും സർവ്വീസുകളുടെ പ്രത്യേകതകൾ കണക്കിലെടുത്തും പുതിയ ബസ്സുകൾ അനുവദിക്കുന്നു.

കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തുന്ന മിനി ബസ്സുകൾ

132 [1380] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-ക്ക് സർവ്വീസ് നടത്തുന്ന എത്ര മിനി ബസ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം കെ. എസ്. ആർ. ടി. സി. ഡിപ്പോകൾക്ക് എത്ര വീതം മിനി ബസ്സുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പയ്യന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും ജനബാഹുല്യമുള്ളതും യാത്രാക്ലേശമനുഭവപ്പെടുന്നതുമായ റൂട്ടുകളിൽ സർവ്വീസ് നടത്തുവാൻ അഞ്ച് മിനി ബസ്സുകൾ അനുവദിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 188 മിനി ബസ്സുകൾ.

(ബി) അടൂർ—1, ആലപ്പുഴ—2, ആലുവ—7, ആര്യനാട്—5, ആറ്റിങ്ങൽ—4, ചാലക്കുടി—4, സിറ്റി—6, ഹരിപ്പാട്—4, കോഴിക്കോട്—2, കൊല്ലം—4, കിളിമാനൂർ—2, കരുനാഗപ്പള്ളി—6, കണിയാപുരം—7, കാട്ടാക്കട—9, കൊട്ടാരക്കര—17, കായംകുളം—2, നെടുമങ്ങാട്—13, നെയ്യാറ്റിൻകര—16, പാലോട്—2, പുനലൂർ—4 പാപ്പനംകോട്—6, പത്തനാപുരം—11, പേരൂർക്കട—3, പൂവ്വാർ—4 വെഞ്ഞാറമൂട്—6, വികാസ്ഭവൻ—7, വെള്ളനാട്—4, വെള്ളറട—4, വിതുര—4, വിഴിഞ്ഞം—16, പാറശ്ശാല—6.

(സി) പ്രധാന റോഡുകളിൽ പാരലൽ സർവ്വീസുകളുമായി മൽസരിച്ചു ഓടുന്നതിനാണ് മിനി ബസ്സുകൾ ഇപ്പോൾ പ്രധാനമായും നൽകിയിട്ടുള്ളത്. ആയതിനാൽ ഈ ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

വി. ആർ. എസ്. പ്രകാരം വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യം

133 [1390] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്തെ കളരിക്കണ്ടി വാഴപറമ്പ് സ്വദേശിയായ കെ. എസ്. ആർ. ടി. സി. ജീവനക്കാരൻ ശ്രീ. മംഗലശ്ശേരി അപ്പുക്കുട്ടൻ എന്നയാൾ വി. ആർ. എസ്. പ്രകാരം സർവ്വീസിൽ നിന്നും വിരമിക്കുവാനും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും വേണ്ടി സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത അപേക്ഷ ലഭിച്ചത്; ഇതിൻമേൽ എടുത്ത നടപടി വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly